പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *666. 03.11.2016 ന് മറുപടിയ്ക്ക്

## ലഹരിവിരുദ്ധ ബോധവത്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൽദോ എബ്രഹാം<br>,, മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും അവബോധം ഉണ്ടാക്കുകയെന്ന ലക്ഷ്യത്തിനായി എന്തൊക്കെ പദ്ധതികളാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) | മദ്യവിപത്തിനും വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കുമെതിരെ എല്ലാ ജില്ലകളിലും ശക്തവും വിപുലവുമായ ബോധവത്ക്കരണ പരിപാടികളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. റാലികൾ,ഡോക്യുമെന്ററി പ്രദർശനം, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ മുതലായവ ഇതിനോടനുബന്ധിച്ച പ്രവർത്തനങ്ങളാണ്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയവയോടനുബന്ധിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും, മഹാവിപത്തിനെയും കുറിച്ച് എല്ലാ വിഭാഗം ജനങ്ങളെയും ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി, സംസ്ഥാന |

| | | | |
|---|---|---|---|
| | | | ലൈബ്രറി കൗൺസിൽ, ക്ലബ്ബുകൾ, മദ്യവർജ്ജന സമിതി, വിദ്യാർത്ഥി യുവജന-മഹിളാ സംഘടനകൾ, എൻ.ജി.ഒ.കൾ എന്നിവയുമായി ചേർന്ന് വിവിധ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറുകളും, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വ ചിത്രങ്ങളും പ്രദർശിപ്പിച്ചു വരുന്നുണ്ട്.<br>റെയിൽവേ സ്റ്റേഷനുകളിലെയും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലെയും സി.സി.റ്റി.വി. വഴിയും, കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ എക്സൈസ് വകുപ്പിലെ ലാന്റ് ഫോണുകൾ വഴിയും, മൊബൈൽ ഫോണുകൾ വഴിയും റിംഗ്ടോണായി ലഹരിവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിച്ചുവരുന്നു.<br>നവീന സാമൂഹിക മാധ്യമങ്ങളിലൂടെ ബഹുജനങ്ങൾക്ക് ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളെ സഹായിക്കാനാവും. ഈ ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് എക്സൈസ് കമ്മീഷണറുമായി 24 മണിക്കൂറും ബന്ധപ്പെടുന്നതിന് ഒരു വാട്ട്സ് അപ്പ് ഹെൽപ്പ് ലൈൻ നമ്പരും, മൊബൈൽ ഫോൺ നമ്പരും നിലവിൽ പ്രവർത്തിച്ചു വരുന്നു.<br>സംസ്ഥാനത്തെ ലഹരിവിരുദ്ധ ക്യാംപെയിനിന്റെ ഭാഗമായി മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും |

| | | | |
|---|---|---|---|
| | | | മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായി ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ-"വിമുക്തി" ജി.ഒ.(എം.എസ്) 94/2016/റ്റി.ഡി തീയതി 06.10.2016 പ്രകാരം രൂപീകരിച്ച പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ബോധവത്ക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ സന്ദേശങ്ങൾ പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനായി സംവിധാനമൊരുക്കിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് തെരഞ്ഞെടുത്ത സ്കൂളുകളുടെ സമീപം വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയിൽപ്പെടും വിധം ലഹരിവിരുദ്ധ സന്ദേശമടങ്ങിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓണാഘോഷത്തോടനുബന്ധിച്ചുള്ള ഘോഷ യാത്രയിൽ ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ ഫ്ലോട്ടിന്റെ പ്രദർശനം നടത്തിയിട്ടുള്ളതാണ്. സംസ്ഥാന സ്കൂൾ യുവജനോത്സവം, പൂരം, മറ്റ് ആഘോഷപരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് പവലിയനുകൾ സ്ഥാപിച്ച് എക്സൈസ് വകുപ്പ് ബോധവത്ക്കരണ ആശയങ്ങൾ പ്രചരിപ്പിച്ചു വരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെയും, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷനുകളിലെയും CCTV വഴിയും കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സൈഡ് പാനലുകളിലൂടെയും, എഫ്.എം. റേഡിയോ വഴിയും, സോഷ്യൽ മീഡിയകൾ വഴിയും മദ്യലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ജൂൺ 26 (അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം), ഒക്ടോബർ 2 (ഗാന്ധിജയന്തി) എന്നീ ദിനങ്ങളോടനുബന്ധിച്ച് പൊതുവേദികളിൽ ലഹരി വിരുദ്ധ പരിപാടികളും |

| | | | |
|---|---|---|---|
| | | | ബോധവത്ക്കരണ ക്ലാസ്സുകളും, എക്സൈസ് വകുപ്പിലെ ജീവനക്കാർ അവതരിപ്പിച്ച നാടകം സംഘടിപ്പിച്ചിട്ടുള്ളതും, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്തിട്ടുള്ളതുമാണ്. |
| (സി) | പ്രമുഖ ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്റ്റാളുകളും പവലിയനുകളും സ്ഥാപിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | നടത്തുന്നുണ്ട്. ഓണാഘോഷം, സംസ്ഥാന സ്കൂൾ യുവജനോത്സവം, തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, ശിവഗിരി തീർത്ഥാടനം മറ്റ് ആഘോഷ പരിപാടികൾ തുടങ്ങിയ ഉത്സവങ്ങളോടനുബന്ധിച്ച് എക്സൈസ് വകുപ്പിന്റെ പവലിയനുകൾ സ്ഥാപിച്ച് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**